**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1919** **04-02-2026 - ൽ മറുപടിയ്ക്ക്**

**മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മദ്രസാദ്ധ്യപക ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് ലഭ്യമാക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മദ്രസ്സാദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയും പുരോഗതിയും ലക്ഷ്യം വെച്ച് കൊണ്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 60 വയസ്സ് പൂർത്തിയായി പെൻഷനാകുന്ന ക്ഷേമനിധി അംഗങ്ങൾക്ക് അംഗത്വകാലാവധി അനുസരിച്ച് 1500/-രൂപ മുതൽ 7,500/-രൂപ വരെ പ്രതിമാസം പെൻഷൻ ലഭിക്കാൻ അർഹതയുണ്ട്. മാറാരോഗങ്ങൾ കാരണം ജോലിക്കുപോകാൻ സാധിക്കാതെ അവശത അനുഭവിക്കുന്ന അദ്ധ്യാപകർക്കും അവശതാ പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 1000/-രൂപ നൽകി വരുന്നുണ്ട്. നിലവിൽ 1984 പേർക്ക് പെൻഷനും ഒരാൾക്ക് അവശതാ പെൻഷനും നൽകി വരുന്നുണ്ട്.<br><br>2. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ 2 വർഷം അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും രണ്ടുപെൺമക്കളുടെ വിവാഹത്തിനും 25,000/- രൂപ ധനസഹായമായി നൽകിവരുന്നുണ്ട്.<br><br>3. വിദ്യാഭ്യാസപ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി എസ്.എസ്.എൽ.സി./+2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ + ഗ്രേഡ് നേടിയ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 2000/-രൂപാ വീതം മെറിറ്റ് അവാർഡും പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കൾക്ക് പ്രസ്തുത സ്ഥാപനത്തിലെ |

| | | | |
|---|---|---|---|
| | | | പഠനത്തിന് ആവശ്യമായ സർക്കാർ ഫീസിന് തുല്യമായ തുക വിദ്യാഭ്യാസ ധനസഹായമായി നൽകിവരുന്നുണ്ട്.<br><br>4.രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്നവരും ചികിത്സക്കായി വൻതുക ചെലവാക്കേണ്ടി വന്നിട്ടുള്ളതുമായ മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി ബോർഡിൽ നിന്നും സാധാരണ രോഗങ്ങൾക്ക് 5000/-രൂപയും ഗുരുതര രോഗങ്ങൾക്ക് 25,000/-രൂപ വരെയും ചികിത്സാ ധനസഹായമായി നൽകുന്നുണ്ട്.<br><br>5. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുമായി സഹകരിച്ച് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി അഞ്ച് ലക്ഷം രൂപവരെ പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>6.മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമെടുത്ത വനിതാ അംഗങ്ങൾക്ക് പ്രസവധനസഹായ പദ്ധതി പ്രകാരം 15000/- രൂപ നൽകി വരുന്നുണ്ട്. രണ്ട് പ്രസവങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക.<br><br>6.കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാധ്യാപകർ മരണപ്പെട്ടമ്പോൾ അവരുടെ അവകാശികൾക്ക് ക്ഷേമനിധിയിലെ അംഗത്വ പ്രാബല്യമനുസരിച്ച് 10000/-രൂപ മുതൽ 50000/-രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. അംഗം മരിക്കുകയാണെങ്കിൽ ശവസംസ്കാര ചെലവുകൾക്കായി അവകാശിക്ക് 5000/-രൂപ ഉടൻ അനുവദിക്കും.പെൻഷണാറാണ് മരിക്കുന്നതെങ്കിൽ അവകാശിക്ക് ഉടൻ 3000 രൂപ ധനസഹായമായി നൽകും. |
| (ബി) | പ്രസ്തുത ക്ഷേമനിധിയിൽ നിന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | ക്ഷേമനിധി അംഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി പലിശരഹിത വായ്പ നൽകുന്നുണ്ട് . 55 വയസ്സിൽ താഴെ പ്രായമുള്ളവരും 2 വർഷമെങ്കിലും കൃത്യമായി അംശദായം അടക്കുന്നവരും സ്വന്തം പേരിൽ 4 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്കാണ് അഞ്ച് ലക്ഷം രൂപവരെ ഭവന വായ്പ അനവദിക്കുന്നത്. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുമായി ചേർന്നാണ് ഈ വായപ നടപ്പിലാക്കുന്നത്. പലിശരഹിതമായി നടപ്പിലാക്കുന്ന ഈ വായ്പക്ക് 10 വർഷതിരിച്ചടവ് കാലാവധിയുണ്ട്. അംഗങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളിൽ അർഹമായവ ന്യൂനപക്ഷ ക്ഷേമ വികസന ധനകാര്യകോർപ്പറേഷന് കൈമാറുകയാണ് ചെയ്യുന്നത്. ഈ വർഷം പുതിയ അപേക്ഷകൾ ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അറുപത് വയസ്സ് പൂര്‍ത്തീകരിച്ച ക്ഷേമനിധി അംഗങ്ങള്‍ക്ക് നല്‍കേണ്ട ആനുകൂല്യങ്ങളില്‍ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല |

സെക്ഷന്‍ ഓഫീസര്‍